**ശ്രദ്ധക്ഷണിക്കൽ**

(1) മത്സ്യബന്ധന മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നാം വസിക്കുന്ന ഭൂമിയുടെ പ്രതലം ഏകദേശം 70 ശതമാനത്തോളം സമുദ്രവും ഭൂമിയിൽ ലഭ്യമായ ജലത്തിന്റെ 97 ശതമാനം സമുദ്രത്തിലുമാണ്. ഇതുകൊണ്ടാകാം ഇംഗ്ലീഷ് ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ Arthur C. Clarke ഈ ഗ്രഹത്തിന്റെ മുഖ്യസ്വഭാവം വ്യക്തമായും സമുദ്രമാണെന്നും അതിനെ ഭൂമി എന്നുവിളിക്കുന്നത് എത്രമാത്രം അനുചിതമാണെന്നും അദ്ദേഹം ചോദിച്ചത്. സമുദ്രത്തിന്റെ പ്രജനന വിഭവമായ മത്സ്യം ഭക്ഷണാവശ്യങ്ങൾക്കായി ആദികാലം മുതൽക്കേ മനുഷ്യൻ ഉപയോഗിക്കുന്നതാണ്. അങ്ങനെ നോക്കുമ്പോൾ വേട്ടക്കാരായ മനുഷ്യരോളം തന്നെ പഴക്കവും ചരിത്രവും മീൻപിടുത്തക്കാരായ തൊഴിലാളികൾക്കുമുണ്ട്. നമ്മുടെ രാജ്യത്ത് ഭൂമിയും ആകാശവും വിറ്റുപോലെ തന്നെ കടലിനെയും കോർപ്പറേറ്റുകൾക്ക് വിൽക്കുവാനുള്ള തിരക്കുപിടിച്ച നീക്കവുമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പുറത്തിറക്കിയ രേഖ വായിച്ചാൽ നമ്മുടെ കടൽ മത്സ്യത്തൊഴിലാളികൾക്ക് അന്യമാകുന്ന,

അവരുടെ തൊഴിലിനെയും ജീവിതത്തെയും തകർക്കുന്നതാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. നമ്മുടെ രാജ്യത്ത് 8118 കി.മീ. ദൂരം വരുന്ന തീരമാണുള്ളത്. ഏതാണ്ട് 2 ദശലക്ഷം ചതുരശ്ര കി.മീ. വരുന്ന സമുദ്രമേഖലയിലെ പരമാധികാരവും നമുക്കുണ്ട്. 17 കോടിയോളം വരുന്ന തീരദേശത്തെ ജനതയിൽ 40 ലക്ഷത്തോളം പേർ മത്സ്യത്തൊഴിലാളികളാണ്. ഈ ജനവിഭാഗത്തിന് ഏറ്റവും ആപത്കരമായത് തീരത്തെ ഖനനവും കടലോരത്ത് വരാൻ പോകുന്ന വ്യവസായവും അതുവഴി സൃഷ്ടിക്കുന്ന മലിനീകരണവുമാണ്. 20 ലക്ഷത്തോളം ക്യൂബിക് മീറ്റർ എണ്ണയും പ്രകൃതി വാതകങ്ങളും നമ്മുടെ കടലിന്റെ അടിത്തട്ടിലുണ്ട്. ഈ സമുദ്രവിഭവങ്ങളെ ഏഴ് മേഖലകളായി തിരിച്ച് വിവിധ ഉൽപ്പന്നങ്ങളുടെ കണക്കെടുപ്പ്, എണ്ണ വാതകങ്ങൾ ജൈവ-ധാതു വസ്തുക്കളുടെ ഖനനം, തുറമുഖങ്ങളുടെ നിർമ്മാണം, മത്സ്യബന്ധനം, കപ്പൽ ചരക്ക് നീക്കൽ വികസനം, തീരദേശ ടൂറിസം, സമുദ്ര രംഗത്തെ തന്ത്ര പ്രധാനമായ സൈനിക നടപടികൾ എന്നിവയാണ് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ രേഖയിലുള്ളത്. കടലിന്റെ നേരവകാശികളായ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്ക് നേരെയും തീര

സംസ്ഥാനങ്ങളുടെ അധികാരങ്ങൾക്ക് നേരെയും നമ്മുടെ ഫെഡറൽ സംവിധാനത്തെ വെല്ലുവിളിക്കുന്നതുമാണ് ഈ രേഖയിലെ നിർദ്ദേശങ്ങളാകെ. തീരക്കടൽ തന്നെയാണ് നമ്മുടെ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിന് ഏറ്റവും പ്രധാനമായിട്ടുള്ളത്. കടലിന്റെ അടിത്തട്ട് മത്സ്യസമ്പത്തിന്റെ ആവാസ വ്യവസ്ഥ കൂടിയാണ്. തീരക്കടലിലും ആഴക്കടലിലും വ്യാപകമായ ഖനനം നടന്നാൽ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നത് ഉറപ്പായ കാര്യമാണ്. കേന്ദ്രസർക്കാരിന്റെ പുതിയ മത്സ്യബന്ധന നിയമത്തിൽ മത്സ്യബന്ധന കപ്പലുകളെ തടയുമെന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ മേഖലയിലേക്ക് ഇന്ത്യൻ കുത്തകകളെയും കമ്പനികളെയും കൊണ്ടുവരികയാണ്. പുതിയ നിയമത്തിൽ യാനങ്ങളെ സംബന്ധിച്ച നിർവ്വചനത്തിൽ മത്സ്യക്കപ്പലുകളെയും ഉൾപ്പെടുത്തിയത് ഈ ലക്ഷ്യം വച്ചാണ്. ആഴക്കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കോ അവരുടെ സഹകരണ സംഘങ്ങൾക്കോ മാത്രമായി യാനങ്ങളുടെ ഉടമസ്ഥാവകാശം നിജപ്പെടുത്തണമെന്ന കേരള സർക്കാർ നിലപാടിന് എതിരായിട്ടുള്ളതാണ് കേന്ദ്രസർക്കാർ നിലപാട്. ഈ മേഖലയിൽ

പ്രവർത്തിക്കുന്ന യാനങ്ങൾക്ക് ലൈസൻസ് നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശവും നഷ്ടപ്പെടാൻ പോകുകയാണ്. കേന്ദ്ര സർക്കാർ ലൈസൻസ് ലഭിക്കണമെങ്കിൽ അവർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് യാനങ്ങൾ പുന:ക്രമീകരണം നടത്തേണ്ടി വരികയാണ്. അല്ലെങ്കിൽ വലിയ പിഴയാണ് നൽകേണ്ടിവരുന്നത്. ചുരുക്കത്തിൽ ആഴക്കടലിൽ വമ്പിച്ച മത്സ്യക്കൊള്ള നടത്തുന്ന കുത്തകകൾക്ക് കടൽ പണയപ്പെടുത്തുകയും മത്സ്യത്തൊഴിലാളികൾ ഈ മേഖലയിൽ നിന്ന് പുറന്തള്ളപ്പെടുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

മത്സ്യത്തൊഴിലാളികൾ ഒരിക്കലും വികസനത്തിന് എതിരല്ല. അവരുടെ ജീവിതത്തെ തകർക്കുന്ന തൊഴിലവകാശങ്ങൾ ഇല്ലാതാക്കുന്ന സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുകയും ചെയ്യുന്ന നയങ്ങളിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിൻമാറണമെന്നും ബ്ലൂ ഇക്കണോമിക് രേഖകളും സമുദ്രബന്ധന നിയമവും തീര സംസ്ഥാനങ്ങളുമായും തൊഴിലാളി സംഘടനകളുമായും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ

വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ അതീവ ഗൗരവമുള്ള ഒരു വിഷയമാണ് അവതരിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബ്ലൂ ഇക്കണോമിക് രേഖകളും സമുദ്ര മത്സ്യബന്ധന ബില്ലും സംബന്ധിച്ച വിഷയങ്ങളിന്മേൽ കേരളത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും യഥാസമയം കേന്ദ്രസർക്കാരിനെ രേഖാമൂലം മന്ത്രിയെന്ന നിലയിൽ ഞാൻ തന്നെ അറിയിച്ചിട്ടുണ്ട്. വിവിധ സംഘടനകൾ രേഖാമൂലവും അല്ലാതെയും ഇക്കാര്യത്തിന് സർക്കാരിന് സമർപ്പിച്ച നിവേദനങ്ങൾ കത്ത് തയ്യാറാക്കുന്ന സമയത്ത് അർഹമായ പരിഗണനകൾ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും 40 ലക്ഷത്തിൽപ്പരം വരുന്ന മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിനും ഉതകുന്നതാണെന്ന പ്രഖ്യാപനത്തോടെ കേന്ദ്ര സർക്കാർ പുറത്തുവിട്ട ബ്ലൂ ഇക്കണോമിക് നയം മത്സ്യബന്ധന മേഖലയിൽ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ പല ആശങ്കകൾക്കും കാരണമായിട്ടുണ്ട്.

ബ്ലൂ ഇക്കണോമിക് നയത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർത്തിരിക്കുന്ന ആശങ്കകൾ കേന്ദ്ര സർക്കാരിനെ 20-09-2021-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

1. കടലിൽ മീൻ പിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യവിൽപ്പന, കടൽ, മത്സ്യവിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികൾ കരട് നയത്തിൽ ഉൾക്കൊള്ളിക്കണം.

2. നയം നടപ്പിലാക്കിയാൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന മാർഗ്ഗം നഷ്ടമാകുന്നതിനും അത് അവരെ തീരത്ത് നിന്നും പാലായനം ചെയ്യുന്നതിനും നിർബന്ധിതമാക്കും. അതിലാവശ്യമായ മാറ്റം വരുത്തേണ്ടതുണ്ട്.

3. ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ മേഖലയിലെ മത്സ്യബന്ധനം ഒരു സംസ്ഥാന വിഷയമാണ്. ആയതിനാൽ കരട് നയം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള നേരിട്ടുള്ള കടന്നുകയറ്റമാണ്. 12 നോട്ടിക്കൽ മൈൽ വരെ സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ അവകാശത്തെ ചോദ്യം ചെയ്യുന്ന നയമെന്ന നിലയിൽ അത് മാറ്റം വരുത്തണമെന്ന് നമ്മൾ

ആവശ്യപ്പെട്ടിട്ടുണ്ട്.

4. ധാതുക്കൾ, ലോഹങ്ങൾ എന്നിവയുടെ ഖനനത്തെ തുടർന്ന് വിവിധ പദ്ധതികൾ ആരംഭിക്കുന്നതോടെ പാരിസ്ഥിതികാഘാതത്തിനും തീരപ്രദേശത്ത് നടത്തുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ മത്സ്യസമ്പത്ത് നശിപ്പിക്കുകയും സമുദ്രത്തിലെ സസ്യ ജന്തു ജാലങ്ങളുടെ വളർച്ചയെയും നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഖനനം സമുദ്ര മലിനീകരണത്തിനും sea food ഉപഭോക്താക്കൾക്ക് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും. ഇതിലൂടെ കേന്ദ്രസർക്കാർ ഏറ്റവും വലിയ തീവെട്ടി കൊള്ളയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

7. ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും വൻ മൂലധനം ആവശ്യമാണ്. വൻ മൂലധന നിക്ഷേപം ആവശ്യമുള്ള ആധുനിക സാങ്കേതികവിദ്യ മത്സ്യത്തൊഴിലാളിക്ക് എത്തിച്ചേരാനാകാത്തതാണ്. ഇത് ആഴക്കടൽ മത്സ്യബന്ധനവും മത്സ്യകൃഷിയും ബഹുരാഷ്ട്ര കുത്തകകൾക്ക് തുറന്നുകൊടുക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെ വെറും തൊഴിലാളികളെന്ന നിലയിൽ നിലനിർത്താനും ഇടയാക്കുന്നതാണ്.

8. അണുനിയന്ത്രിതവും ആസൂത്രിതവുമല്ലാത്തതുമായ ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ തീരദേശ ആവാസ വ്യവസ്ഥയുടെ സന്തുലനാവസ്ഥയെ തകർക്കാൻ ഇടയാക്കുകയും സമുദ്ര-പരിസ്ഥിതിയുടെ വലിയ തോതിലുള്ള മലിനീകരണത്തിലേയ്ക്ക് നയിക്കുകയും ചെയ്യും.

9. സാമൂഹ്യ നേട്ടങ്ങൾക്കായി ഉത്തരവാദിത്തത്തോടെ സമുദ്ര വിഭവങ്ങൾ വിനിയോഗിക്കുന്നതിനുള്ള വലിയ സാമൂഹിക സാമ്പത്തിക അവസരമാണ് ബ്ലൂ എക്കണോമി. എന്നിരുന്നാലും കർശനമായ പാരിസ്ഥിതികാഘാതം വിലയിരുത്തലുകൾ നടത്തി മാത്രമേ അത്തരം പദ്ധതികൾ വിഭാവനം ചെയ്യാവൂ. എന്തെങ്കിലും പാരിസ്ഥിതിക ആഘാതമുണ്ടാകുന്ന സാഹചര്യത്തിൽ തൽപ്പരകക്ഷികളിൽനിന്നും മതിയായ നഷ്ടപരിഹാരം ഈടാക്കുന്നതിന് വ്യവസ്ഥകളുണ്ടായിരിക്കണം. കരട് പോളിസിയിൽ അത്തരം വ്യവസ്ഥകളൊന്നുമില്ല.

10. തീരദേശത്ത് പ്രയോജനപ്പെടുത്തുന്നതിന് നാഷണൽ **ഗ്ലേസർ** മിഷൻ സൃഷ്ടിക്കുകയെന്നതാണ് കരട് നിർദ്ദേശം. ഈ നിർദ്ദേശം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഈ സാഹചര്യത്തിൽ മത്സ്യമേഖലയ്ക്ക് ഹാനികരമായത് അവലോകനം ചെയ്ത്

ആയത് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതുവരെ ബ്ലൂ എക്കണോമി നയം നടപ്പാക്കുന്നത് മാറ്റിവയ്ക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

സമുദ്ര മത്സ്യബന്ധന ബിൽ - കേരള സർക്കാരിന്റെ കരട് നാഷണൽ മറൈൻ ഫിഷറീസ് ബിൽ 2019-ൽ പ്രസിദ്ധീകരിച്ചയുടൻതന്നെ സംസ്ഥാന താൽപ്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനം വളരെ ഗുണപരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുകയും തുടർന്ന് രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസം പ്രസിദ്ധീകരിച്ചതും സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്ത സമുദ്ര മത്സ്യബന്ധന ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റിൽ ചുവടെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനോട് 03-08-2021-ലെ കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(1) കരട് ബില്ലിലെ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലും കരയിൽനിന്ന് 12 മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ high sea-യിലും കരയിൽനിന്നും 200 നോട്ടിക്കൽ മൈലിനപ്പുറമുള്ള കടൽ പ്രദേശങ്ങൾ മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാണെന്നും ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ കടലിന്റെ വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളുണ്ടാക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസന പരിപാലന പ്ലാനുകൾ ഉണ്ടാക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

(2) കരട് ബില്ലിൽ പങ്കാളിത്ത മാനേജ്മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യ വിഭവങ്ങളുടെ കൈകാര്യകർത്താക്കളായ മത്സ്യത്തൊഴിലാളികളെക്കൂടി വിഭവ സംരക്ഷണ പരിപാലന ചുമതലകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ദേശീയതലത്തിലും സംസ്ഥാന

തലത്തിലും മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്ന മാനേജ്മെന്റ് കമ്മിറ്റിയുണ്ടാകേണ്ടതാണ്.

(3) ചെറുകിട മത്സ്യത്തൊഴിലാളികളുടെ നിർവ്വചനം കൂടുതൽ കൃത്യതയോടെ വേണം. അല്ലാത്തപക്ഷം വൻകിട മത്സ്യബന്ധന യാനങ്ങളും അതിന്റെ പരിധിയിൽ വരാൻ സാധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യ ബന്ധന യൂണിറ്റുകളും കരട് ബില്ലിന്റെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിലുൾപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവൽകൃത ബോട്ടുടമകളിൽനിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കേണ്ടതാണ്.

(4) മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് രൂപീകരിക്കുന്ന മറൈൻ ഫിഷറീസ് ഡെവലപ്മെന്റ് ഫണ്ട് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

(5) 12 നോട്ടിക്കൽ മൈലിനകത്തുള്ള വികസന പ്രവർത്തനങ്ങൾ (sea ranching, recreation, fishing, aqua sports, marine tourism എന്നിവ)

നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്. മത്സ്യബന്ധന നിരോധിത മേഖല ചില പ്രത്യേക പ്രദേശങ്ങളിലോ താല്ക്കാലികമോ ആയിട്ടുള്ള മത്സ്യബന്ധന നിരോധനം എന്നിവ നടപ്പാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്. മേൽപ്പറഞ്ഞ വസ്തുതകൾ ഉൾപ്പെടുത്തി കേരളം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളും മത്സ്യത്തൊഴിലാളി സംഘടനകളും സമർപ്പിച്ച നിവേദനങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ 22-10-2021-ൽ ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ 2021-നെ സംബന്ധിച്ച് ഒരു പ്രത്യേക ചർച്ച നടത്തുകയുണ്ടായി. പല ഘട്ടങ്ങളിലായി സംസ്ഥാനം നൽകിയിട്ടുള്ള നൂറ്റിമൂന്നോളം ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രം അംഗീകരിച്ചതാണ്. 22-10-2021-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഏറ്റവും പുതിയ കരട് ബില്ലിൽ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങളായി താഴെപ്പറയുന്ന കാര്യങ്ങളിൽക്കൂടി അനുകൂല നിലപാടെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞാൻ അറിയിക്കുകയാണ്.

(1) ബില്ലിന്റെ പരിധി exclusive economic zone മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തി.

(2) പാർട്ടിസിപ്പേറ്ററി മാനേജ്മെന്റിന്റെ ഭാഗമായി കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ ഫിഷറീസ്, ഫിഷർ ഓർഗനൈസേഷൻ തുടങ്ങിയവ ഉൾപ്പെടുത്താൻ സമ്മതിച്ചു.

(3) കുറ്റകൃത്യങ്ങളുടെ പെനാൽറ്റി കുറച്ചു.

(4) ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെ conservation of resources മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി.

(5) Traditional fishing, motorised fishing, mechanized fishing എന്നിവ പ്രത്യേകം നിർവ്വഹിച്ചു.

(6) മൾട്ടിപ്പിൾ ലൈസൻസ് സിസ്റ്റം ഒഴിവാക്കി.

(7) അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറായി ഇന്ത്യൻ മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യവകുപ്പ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി.

22-10-2021-ലെ ചർച്ചയ്ക്കുശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ ഡ്രാഫ്റ്റ്, മറൈൻ ബിൽ 2021-നെ സംബന്ധിച്ച് ട്രേഡ് യൂണിയനുകളും വിവിധ മേഖലകളിലെ വ്യക്തിത്വങ്ങളുമായി ചർച്ച ചെയ്ത് അതിവേഗം ആവശ്യമായ മാറ്റം വരുത്തുന്നതുസംബന്ധിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണെന്ന് സഭയിൽ ഞാൻ

ഉറപ്പുനൽകുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലുണ്ടായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽനിന്ന് ബോധ്യപ്പെട്ടു. എങ്കിലും ഒരു ആശങ്ക പങ്കുവയ്ക്കുകയാണ്. ഈ നവംബർ മാസം 20-ാം തീയതി മറൈൻ ഫിഷറീസ് ബിൽ പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നാണ് മനസ്സിലാക്കുന്നത്. ഫിഷിംഗ് ഒരു കേന്ദ്ര വിഷയമാണെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ ഒരുപാട് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങളുമായി ഒരു ഘട്ടം ചർച്ചകൂടി അനിവാര്യമാണ്. ഈ വിഷയത്തിൽ ഒരു പാർലമെന്ററി സബ് കമ്മിറ്റിയെ കേന്ദ്ര ഗവൺമെന്റ് നിയോഗിക്കണമെന്നും ഈ കമ്മിറ്റി വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ അഭിപ്രായം തേടണമെന്നും ഈ കരട് ബിൽ വിവിധ പ്രദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത്

ഈ മേഖലയിലെ എല്ലാ പ്രധാനപ്പെട്ട വ്യക്തിത്വങ്ങളുമായി ആദ്യതലത്തിൽ ഒരു യോഗം നടന്നു. രണ്ടാമത്, കേരളത്തിലെ എല്ലാ എം.പി.-മാരുടെയും കോൺഫറൻസിൽ ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ എം.പി.-മാർ പാർലമെന്റിൽ ഈ വിഷയം സംബന്ധിച്ച് ഉന്നയിക്കേണ്ട ഡ്രാഫ്റ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട എം.പി.-മാർക്ക് ഹാൻഡ് ഓവർ ചെയ്തു. എം.പി.-മാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ കാര്യങ്ങൾ കൊണ്ടുവരുന്നതിന് സജീവമായി ഇടപെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിച്ച ഒരു പാർലമെന്ററി സമിതിയെ വിവിധ സംസ്ഥാനങ്ങളിൽ ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി നിയോഗിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. പക്ഷേ ഒരു പ്രശ്നം വിവിധ സംസ്ഥാനങ്ങളിൽ ഈ ബില്ലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അപ്പപ്പോൾ നമ്മൾ പരിശോധിക്കുകയും അവരിൽനിന്നും ആവശ്യമായ കാര്യങ്ങൾ തേടുകയും ചെയ്തുകൊണ്ടുതന്നെയാണ് ഈ ഡ്രാഫ്റ്റിന്മേലുള്ള ഭേദഗതികൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങൾ കൂടി

ആലോചിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് നോക്കാം. അത് പരിശോധിക്കാവുന്നതാണ്.

(2) ഇടുക്കി ജില്ലയിൽ ഭൂപതിവ് ചട്ടപ്രകാരം നൽകിയ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞ കുറേയേറെ കാലമായി ഒരു ജനതയോട് ചെയ്യുന്ന അക്രമവും അനീതിയും ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മലയോരമേഖലയിലെ മഹാഭൂരിപക്ഷവും പട്ടയം നൽകിയ പട്ടയഭൂമികളാണ്. ഈ പട്ടയഭൂമികളുടെ ഉപയോഗം സംബന്ധിച്ച് അതായത്, 1960-ൽ ഈ സഭ നിയമമുണ്ടാക്കി 1964-ലെയും 1993-ലെയും വിവിധ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെമ്പാടുമുള്ള നിരവധിപേർക്ക് പട്ടയഭൂമികൾ നൽകിയിട്ടുണ്ടെങ്കിലും ഇടുക്കി ജില്ലയിലെ ആളുകൾക്കുമാത്രം പട്ടയഭൂമി ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. അതിന് കാരണമായി ഒരു കോടതിവിധിയാണ് ചൂണ്ടിക്കാണിക്കുന്നത്. പട്ടയഭൂമിയിൽ വീടുവയ്ക്കാനും കൃഷി നടത്താനും മാത്രമാണ് അവകാശമുള്ളതെന്ന നിലപാട് ആദ്യമായി സ്വീകരിച്ചത് ഒന്നാം പിണറായി

വിജയൻ സർക്കാരാണെന്ന കാര്യം ഞാൻ ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുന്നു. അക്കാര്യം ഹൈക്കോടതിയിൽ പറയുകയും ഹൈക്കോടതി അത് അംഗീകരിക്കുകയും പട്ടയഭൂമി വീടുവയ്ക്കാനും കൃഷിക്കും മാത്രമായി ഉപയോഗിക്കാമെന്ന് വിധിയുണ്ടാകുകയും ചെയ്തു. എന്നാൽ ആ വിധി നടപ്പിലാക്കാനുള്ള ആവേശവും ധൃതിയും ഇടുക്കിയിൽ മാത്രമായി ലിമിറ്റ് ചെയ്തു. നിരാലംബരായ കർഷക സമൂഹത്തിന് മാത്രമായി ഒരു നിയമം നിങ്ങൾ നടപ്പിലാക്കിയത് എന്തുകൊണ്ടാണ്? അത് ഹൈക്കോടതിയിൽ ചൂണ്ടിക്കാട്ടിയപ്പോൾ, എല്ലാ നിയമവും ഈ സംസ്ഥാനത്തെ മുഴുവൻപേർക്കും ഒരുപോലെയാണെന്നും അത് എല്ലാവർക്കും ഒരുപോലെ നടപ്പിലാക്കണമെന്നും ഹൈക്കോടതി ആവർത്തിച്ച് ആവശ്യപ്പെട്ടു. അതിനെതിരെ നിങ്ങൾ സുപ്രീം കോടതിയിൽ അപ്പീൽ നൽകുകയും പരാജയപ്പെടുകയും ചെയ്തു. ആ നിയമം നടപ്പിലാക്കാനാണെങ്കിൽ ഈ മലയോര മേഖലയിലെ കർഷകരെ വിട്ട് മറ്റൊരു ജനസമൂഹത്തിലേയ്ക്ക് നിങ്ങൾക്കത് കൊണ്ടുപോകാനുള്ള ആർജ്ജവവും ഇച്ഛാശക്തിയുമില്ല. സംസ്ഥാനത്ത് എത്രയോ സ്ഥലങ്ങളിൽ പട്ടയഭൂമിയിൽ ഇന്നും ക്വാറിയിംഗും വലിയ വ്യാപാര വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ

നഗരത്തിൽത്തന്നെ ഏറ്റവും വലിയൊരു വിദ്യാഭ്യാസ സ്ഥാപനം നിലകൊള്ളുന്നത് പട്ടയഭൂമിയിലാണ്. നിങ്ങളുടെ റോളറുകൾ അങ്ങോട്ട് ഉരുണ്ടുചെല്ലാത്തതെന്തുകൊണ്ടാണ്? കാരണം അവരൊക്കെ വലിയ രാഷ്ട്രീയ സ്വാധീനങ്ങളും അധികാര കേന്ദ്രങ്ങളിൽ വലിയ പിടിപാടുള്ളവരുമാണ്. നിരാലംബരായ കർഷകർ എന്തെങ്കിലുമൊന്ന് ചെയ്യാൻ ശ്രമിച്ചാൽ അതിന്റെ പുറകെ പോകും. സ്വാഭാവികമായും പട്ടയഭൂമിയിൽ നിങ്ങളിത് അനുവദിക്കുന്നില്ലെന്ന് പറഞ്ഞാൽ അംഗീകരിക്കാം. പക്ഷേ ഞാൻ ഇന്ന് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് 09-06-2016-ന്....... എന്തായാലും പട്ടയഭൂമിയിൽ വീടുവയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ? കാരണം സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള പട്ടയഭൂമിയിലുള്ള അവകാശ അധികാരമാണത്. മൂന്നാറിൽ അതിവ്യാപകമായ കയ്യേറ്റവും അതിവ്യാപകമായ വ്യാജപ്പട്ടയവുമുണ്ടാക്കലും കോടതിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ 2010-ൽ ഒരു കോടതിവിധിയുണ്ടായി. ആ കോടതിവിധിയിൽ ആർക്കും മനസിലാകാത്ത കോംപ്ലിക്കേറ്റഡായ ലീഗൽ വാചകമൊന്നുമല്ല. അതിലൊരു വാചകം വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതാണ് ഈ വിധിയിലെ ഓപ്പറേറ്റീവ് പോർഷൻ, It

has ordered that the Revenue Officials, Local Self Goverment Authorities, Police and Forest Authorities shall ensure that no construction actitivity takeplace in Munnar without No Objection Certificate being issued by the Revenue Department and without permission being given by the Panchayat Authorities except in cases which are governed by the court orders; അതായത്, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ഇല്ലാതെ പുതിയ കൺസ്ട്രക്ഷൻ നടത്താൻ പാടില്ലെന്ന് 2010-ൽ കോടതി ഉത്തരവിട്ടു. 2016 വരെ ഒരു കുഴപ്പവുമില്ലാതെ മറ്റ് മേഖലകളിൽ മുന്നോട്ടുപോയി. മൂന്നാറിൽ നിയന്ത്രണം നിലനിന്നിരുന്നു. എന്നാൽ 09-06-2016-ൽ ഒരു കളക്ടർ ഇറക്കിയ ഉത്തരവിൽ പറയുന്നത്, ഈ സാഹചര്യത്തിൽ the following directions/guidlines are issued in the matter of grant of NOC for constructions in Chinnakanal, Kannan Devan Hills, Santhanpara, Vellathooval, Aanavilasam, Pallivasal, Aanaviratty and Bison Valley Villages for strict compliance. എനിക്ക് ഒരേഒരു ചോദ്യമേയുള്ളൂ, മൂന്നാറിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കോടതി പറഞ്ഞാൽ, കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി

മൂന്നാറിൽനിന്നും 100 കിലോമീറ്റർ അകലെ വരുന്ന സ്ഥലത്തേയ്ക്ക് ഈ നിയന്ത്രണം വ്യാപിപ്പിക്കാൻ ആർക്കാണ് അധികാരമുള്ളത്; എങ്ങനെയാണ് അത്തരമൊരു അധികാരം ലഭിക്കുന്നത്; നമ്മുടെ ഭരണഘടന ലെജിസ്ലേച്ചറും ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഉൾപ്പെടുന്നതാണ്. ഇതിൽ എക്സിക്യൂട്ടീവ് ലെജിസ്ലേച്ചറിന്റെ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ളതാണ്. രാഷ്ട്രീയ ഇച്ഛാശക്തിയില്ലാതെ വരുമ്പോഴാണ് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വമുണ്ടാകുന്നത്. എന്റെ ഒരേഒരു ചോദ്യം, ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേയ്ക്ക് നിയന്ത്രണങ്ങൾ വ്യാപിപ്പിക്കാൻ ഒരു സർക്കാർ ഉദ്യോഗസ്ഥന് എങ്ങനെയാണ് അധികാരമുള്ളത്? 2016-ൽ ഉത്തരവ് ഇറങ്ങിയിട്ടും ജനങ്ങൾ ഇത്രയും കഷ്ടപ്പെടുന്നു. ഈ ഉത്തരവുപ്രകാരം നിയന്ത്രണങ്ങൾ അങ്ങോട്ട് വ്യാപിപ്പിച്ചുവെന്ന് മാത്രമല്ല, ഇനി വീട് വയ്ക്കുന്നതിനുള്ള നിയന്ത്രണമെന്താണെന്നുകൂടി നിങ്ങൾ കേൾക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.......

<u>ഡോ. മാത്യു കുഴൽനാടൻ</u>: എനിക്ക് പട്ടയഭൂമി ഉണ്ടെങ്കിൽ അവിടെ വീട് വയ്ക്കണമെങ്കിൽ അതിനൊരു കണ്ടീഷനുണ്ട്. അത് നിങ്ങൾ വായിക്കണം. "The applicant or his dependant shall not own possess any other

building used for personal residential purpose.” എന്റെ അച്ഛനോ സഹോദരനോ അമ്മയ്ക്കോ ഒരു വീടുണ്ടെങ്കിൽ എനിക്ക് വീട് വയ്ക്കാൻ പാടില്ലെന്നാണ്. എന്റെ അവകാശത്തെ എടുത്തുകളഞ്ഞത് ഇവിടത്തെ കേവലം ഒരു ഉദ്യോഗസ്ഥനാണ്. ഇവിടത്തെ രാഷ്ട്രീയ നേതൃത്വം കാഴ്ചക്കാരായി നോക്കി നിന്നില്ലേ; നിങ്ങൾക്ക് രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടായിരുന്നെങ്കിൽ നിരാലംബരായ ഒരു സമൂഹത്തിനുനേരെ ആളുകൾ ഇതുപോലെ കുതിര കയറുമായിരുന്നോ; എന്തടിസ്ഥാനത്തിലാണ്; എന്തിന്റെ ബലത്തിലാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്; എന്തുകൊണ്ടാണ് രാഷ്ട്രീയ നേതൃത്വം ഇക്കാര്യത്തിൽ ഇടപെടാൻ മടിക്കുന്നത്; ഇക്കാര്യം അറിയാവുന്ന അങ്ങയുടെ സഹപ്രവർത്തകരായ അല്ലെങ്കിൽ ട്രഷറി ബഞ്ചിലുള്ള ധാരാളം പേരുണ്ട്. എല്ലാവരും മൗനം പാലിക്കുന്നു. ഇവർ കേവലം കർഷകരായതുകൊണ്ടാണ് ഈ അധികാര സ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്താൻ ആർക്കും കഴിയാത്തത്. ഇതൊരു ശേഷിയുള്ള, ശക്തിയുള്ള ലോബിയായിരുന്നെങ്കിൽ എല്ലാ സർക്കാരും വഴങ്ങുമായിരുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ഈ ഉത്തരവുപ്രകാരം പട്ടയഭൂമിയിൽ വീട് വയ്ക്കുന്നതിനുപോലുമുള്ള നിയന്ത്രണം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുംവിധത്തിലോ അല്ലെങ്കിൽ ധാരണാപ്പിശകുകൾകൊണ്ടോ ഇങ്ങനെ കാര്യങ്ങൾ പറയുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്, പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൻവാലി, ആനവിലാസം എന്നീ എട്ട് വില്ലേജുകളടങ്ങുന്ന മൂന്നാർ പ്രദേശത്ത് കൃഷി ആവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന സാഹചര്യത്തിൽ മൂന്നാർ പ്രദേശത്തെ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് WP(c). 1801/2010 എന്ന കേസിലെ 21-01-2020-ലെ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി

നിർദ്ദേശിച്ചു. തുടർന്ന്, 09-06-2016-ലും 01-08-2016-ലും ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം മൂന്നാർ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി. ബഹുമാനപ്പെട്ട കോടതിയുടെ 17983/2019-ാം നമ്പർ കേസിൽ 25-06-2020-ലെ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകൾ ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത എസ്.എൽ.പി. 19-11-2020 തള്ളി ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കേരളത്തിൽ 1960-ൽ നമ്മുടെ സഭ തയ്യാറാക്കിയ നിയമത്തിന് അങ്ങ് പറഞ്ഞ രണ്ട് ചട്ടങ്ങൾ മാത്രമല്ല, 30-ലേറെ ചട്ടങ്ങളുണ്ടെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. ശ്രീ. പിണറായി വിജയന്റെ ഒന്നാം സർക്കാരല്ല, 1964-ലെ ചട്ടമനുസരിച്ച് ഏതൊക്കെ ആവശ്യത്തിന് ഭൂമി കൊടുക്കണമെന്ന് നിശ്ചയിച്ചത്. 1977-നുമുമ്പ് വനഭൂമി കയ്യേറിയ കേസുകളിൽ ഏതൊക്കെ ആവശ്യത്തിന് കൊടുക്കാമെന്ന് തീരുമാനിച്ചതും ഒന്നാം പിണറായി സർക്കാരാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞാൽ

അത് തെറ്റാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടിവരും. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം വീട്, കൃഷി, ബെനിഫിഷ്യറി എൻജോയ്മെന്റ് എന്നീ ആവശ്യങ്ങൾക്കേ കൊടുക്കാവൂ എന്ന് ചട്ടത്തിൽ രേഖപ്പെടുത്തിയതാണ്. 1977-നുമുമ്പ് കുടിയേറിയ കർഷകർക്ക് വനഭൂമി പതിച്ചുകൊടുക്കലുമായി ബന്ധപ്പെട്ട് 1993-ലെ ചട്ടത്തിൽ വീടും കൃഷിയും ചെറിയകടകളും മാത്രമേ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. അത് കഴിഞ്ഞ സർക്കാർ നിർദ്ദേശിച്ചതാണെന്ന് ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയായ കാര്യമല്ല. ഒന്നാം ഫോറത്തിൽ ഏത് ആവശ്യത്തിന് കൊടുത്ത ഭൂമിയാകണമെന്ന് കോടതി പറഞ്ഞപ്പോഴാണ് അന്നത്തെ ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച് ഒരു എസ്.എൽ.പി. നൽകിയത്. അക്കാര്യത്തിൽ ഇപ്പോഴും സർക്കാർ പറഞ്ഞത്, മൂന്ന് ആവശ്യങ്ങൾക്ക് ഒരു ചട്ടപ്രകാരം കൊടുക്കുമ്പോൾ ഏത് ആവശ്യത്തിനാണെന്ന് മാത്രം പറയാനാവില്ല. അതുകൊണ്ടാണ് ഏത് ചട്ടമനുസരിച്ചെന്ന് പറയാമെന്ന് രേഖപ്പെടുത്തിയത്. ഇതിനെത്തുടർന്ന് സംസ്ഥാനത്തൊട്ടാകെ കൈവശ സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകുന്നതെന്ന വിവരം അതിന്

ചേർക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും ഇത് നടപ്പിലാക്കാത്തതിനാൽ കോടതി അലക്ഷ്യ നടപടികൾ സ്വീകരിച്ചുവരികയും ചെയ്തതാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും തുടർന്ന് കൈവശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് ഒരു സത്യവാങ്മൂലം അപേക്ഷകൻ നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് സത്യവാങ്മൂലത്തിന്റെ മാതൃക ഉൾപ്പെടുത്തിക്കൊണ്ട് 01-10-2021-ൽ എ 2/49/2021/റവന്യൂ നമ്പർ ആയി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി വിധി മൂലമുണ്ടായിട്ടുള്ള പ്രശ്നം പരിഹരിക്കാൻ മൂന്നാർ പ്രദേശത്ത് എൻ.ഒ.സി. ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ വ്യവസ്ഥകൾക്കുവിധേയമായി ക്രമവത്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും 22-08-2019-ലെ സാ.ഉ 169/2019/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതുപ്രകാരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ചില വ്യവസ്ഥയ്ക്കുവിധേയമായി ക്രമവത്കരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അപ്രകാരം ക്രമവത്കരിക്കുന്നതിന് കഴിയാത്ത ഭൂപതിവ് ചട്ടങ്ങളുടെ ലംഘനം നടത്തിയിട്ടുള്ള ഭൂമിയുടെ പാട്ടം റദ്ദാക്കി സർക്കാർ ഏറ്റെടുക്കാനും തുടർന്ന് കെട്ടിടങ്ങൾ പാട്ടവ്യവസ്ഥയിൽ നൽകാനും പ്രസ്തുത ഉത്തരവിൽ തീരുമാനിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒന്നിലേറെ തവണ യോഗങ്ങൾ ചേർന്നിരുന്നു. 26-10-2021-ന് ചേർന്ന യോഗത്തിൽ ഈ വിഷയം വളരെ ഗൗരവമായെടുത്ത് ചർച്ച ചെയ്തു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കുതാഴെമാത്രം തറവിസ്തൃതിയോടുകൂടിയ കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷനെ ആശ്രയിച്ചു കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലെന്ന് തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഭൂമിയിലെ പട്ടയവ്യവസ്ഥയിലെ ലംഘനം ക്രമവത്കരിക്കുന്നതിനും 21-01-2020-ലെ ബഹുമാനപ്പെട്ട കോടതി ഉത്തരവിനുശേഷം നിർത്തിവയ്ക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ

269/2019/റവന്യൂ നമ്പർ ഉത്തരവ് തീയതി വരെയുള്ള റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. വാങ്ങി നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ എന്നിവ വ്യവസ്ഥകൾക്കുവിധേയമായി ക്രമവത്കരിക്കുന്നതിനാവശ്യമായ ചട്ടഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. WP(c) No.1801/2010 ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലായതിനാൽ ചട്ടഭേദഗതിക്ക് കോടതിയുടെ അനുവാദം വാങ്ങണമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പട്ടയ ചട്ടഭേദഗതി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലുമാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഒന്നാം പിണറായി സർക്കാരാണ് ഈ നടപടികൾക്ക് നേതൃത്വം നൽകിയതെന്നത് ശരിയല്ല. മൂന്നാർ ട്രിബ്യൂണൽ ആക്ടിൽ മൂന്നാറിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് പ്രസ്തുത എട്ട് വില്ലേജുകൾ അങ്ങനെ വന്നത്. അതിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തുവരികയാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങേയറ്റം നിർഭാഗ്യകരമാണ് ഞാൻ ഇനിപറയുന്ന കാര്യം. ദയവായി എനിക്ക് ഒരു മിനിട്ട് തരണം.

ഇതിലൊരു ക്ലാരിറ്റി വേണ്ടതുകൊണ്ടാണ്. ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്ന് അങ്ങ് പറഞ്ഞു. അങ്ങ് ഒരു മന്ത്രിയെന്ന നിലയിൽ നടത്തിയ പ്രസ്താവനയിൽ എന്തുമാത്രം തെറ്റിദ്ധാരണാജനകമായ കാര്യമാണ് പറഞ്ഞത്. അതായത്, അങ്ങ് പറഞ്ഞത്, കോടതി പറഞ്ഞത് മൂന്നാർ പ്രദേശത്തെ എന്നാണ്. നിരന്തരം അങ്ങയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവരേയും തെറ്റിദ്ധരിപ്പിക്കുന്നത് ഇതുപറഞ്ഞിട്ടാണ്. ഞാൻ ഇന്ന് ഈ സഭയിൽനിന്ന് പറയുന്നു, ബഹുമാനപ്പെട്ട ഹൈക്കോടതി മൂന്നാർ പ്രദേശത്തെ എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഞാനിപ്പോൾ പറഞ്ഞ ആർഗ്യുമെന്റ് മുഴുവൻ പിൻവലിക്കാൻ തയ്യാറാണ്. പക്ഷേ മറിച്ച്, ഓപ്പറേറ്റീവ് പോർഷനിൽ പറഞ്ഞിരിക്കുന്നത്, മൂന്നാറിൽ എന്നതാണ് മൂന്നാറിന് 100 കിലോമീറ്റർ അകലേയ്ക്ക് ഉദ്യോഗസ്ഥ താൽപ്പര്യപ്രകാരം വലിച്ചിഴച്ചത്. അത് അങ്ങേയ്ക്ക് മനസ്സിലാകാഞ്ഞിട്ടാണോ അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്നതാണോ എന്നറിയില്ല. അതുമാത്രമല്ല, ഞാനിവിടെ ഉന്നയിച്ച വിഷയം കെട്ടിടങ്ങളെ സംബന്ധിച്ചല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങ് ഉപചോദ്യം ചോദിക്കൂ. ഉപചോദ്യം ചോദിക്കുന്നതിൽ വിശദീകരണത്തിന്റെ

ആവശ്യമില്ലല്ലോ?

ഡോ. മാത്യു കുഴൽനാടൻ: സർ, വീട് വയ്ക്കുന്നതിനുള്ള അവകാശം. എന്റെ അച്ഛനോ മകനോ വീടുണ്ടെങ്കിൽ എനിക്ക് വീട് വയ്ക്കാൻ പാടില്ല എന്നുള്ള അവകാശം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നതാണ് എന്റെ ചോദ്യം; അതല്ലാതെ വ്യാപാര വ്യവസായ കെട്ടിടങ്ങളെ സംബന്ധിച്ചല്ല. വീട് വയ്ക്കാനുള്ള അവകാശമുണ്ടോ എന്നുമാത്രം പറഞ്ഞാൽമതി.

ശ്രീ. കെ. രാജൻ: സർ, ഞാൻ എന്റെ മറുപടിയിൽ ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 1801/2010 എന്ന കേസിനെ ആസ്പദമാക്കി നടത്തേണ്ട ഉത്തരവുകൾ നടപ്പിലാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അക്കാര്യത്തിൽ നേരത്തെ ഇവിടെ പറഞ്ഞതുപോലെ 269/2019/റവന്യൂ പ്രകാരം പത്തോളം കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. അക്കാര്യത്തിൽ മൂന്നാർ എന്ന് മറ്റൊരു സ്ഥലത്തും പ്രത്യേകമായി ഡിഫൈൻ ചെയ്തിട്ടില്ല. ഡിഫൈൻ ചെയ്യപ്പെട്ടത് ഈയിടത്ത് മാത്രമാണ് എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറ്റുന്നത്. അത് ഏറ്റവും പ്രയാസകരമല്ലാത്ത വിധത്തിൽ ക്രമീകരിക്കാനാവശ്യമായ

നടപടികളിലാണ് സർക്കാർ താൽപ്പര്യമെടുത്ത് നടപടി സ്വീകരിക്കുന്നത്.